

# കല്ലംകുന്ന്
# സെന്റ് സെബാസ്റ്റ്യൻസ് ഇടവക

അവിട്ടത്തൂർ ഇടവകയുടെ പരിധിയിൽപെട്ട സ്ഥലമായിരുന്നു കല്ലംകുന്ന്. വി. സെബസ്ത്യാനോസിന്റെ നാമധേയത്തിൽ അരനൂറ്റാണ്ടിലേറെ പഴക്കമുള്ള ഒരു അമ്പുസമുദായം ഇവിടെ പ്രവർത്തിച്ചുവന്നിരുന്നു.

പിന്നീട് അമ്പുസമുദായത്തിന്റെ പരിശ്രമം വഴി കല്ലംകുന്നിൽ വിശുദ്ധ സെബസ്ത്യാനോസിന്റെ പേരിൽ ഒരു കപ്പേള പണിതീർത്തു. കല്ലംകുന്ന് കപ്പേളയിൽ ഈ പ്രദേശത്തെ ചെറിയ കുട്ടികൾക്കുവേണ്ടി മതബോധന ക്ലാസ്സുകൾ നടത്തിവന്നിരുന്നു. ഈ ഇടവകാംഗങ്ങളായ ബഹു. ജോൺ ചിറ്റിലപ്പിള്ളി അച്ചന്റെയും ബഹു. ജോസഫ് ചിറ്റിലപ്പിള്ളി അച്ചന്റെയും തിരുപ്പട്ടത്തിനോടനുബന്ധിച്ച് പ്രഥമ ദിവ്യബലി ഈ കപ്പേളയിൽ അർപ്പിക്കുകയുണ്ടായി. കല്ലംകുന്ന് യൂണിറ്റിൽപെട്ടവർ മരണപ്പെടുമ്പോൾ മൃതദേഹം മറവുചെയ്യുന്നതിനും, ദിവ്യബലിയിൽ പങ്കെടുക്കുന്നതിനും, മാതൃ ഇടവകയിൽ എത്താനുള്ള അസൗകര്യങ്ങളും മറ്റും കണക്കിലെടുത്ത് കല്ലംകുന്ന് ആസ്ഥാനമായി ഒരു പള്ളി വേണമെന്നുള്ള ആശയം ഈ സമുദായത്തിൽ രൂപംകൊണ്ടു.

## ദേവാലയ നിർമ്മാണം

1972 ഏപ്രിൽ 2-ാം തിയ്യതി കൂടിയ സമുദായത്തിന്റെ പൊതുയോഗം, പകർച്ചവ്യാധികളിൽ നിന്ന് നാടിനെ രക്ഷിച്ച വിശുദ്ധ സെബസ്ത്യാനോസിന്റെ നാമധേയത്തിൽ കല്ലംകുന്നിൽ ഒരു പള്ളി പണിയുന്നതിനുള്ള നടപടി ആരംഭിക്കുവാൻ തീരുമാനിച്ചു.

അവിട്ടത്തൂർ പള്ളിവികാരിയായിരുന്ന ബഹു. ജോസ് യു. വാഴപ്പിള്ളിയച്ചന്റെ നേതൃത്വത്തിൽ കമ്മിറ്റിയുടെ ആത്മാർത്ഥമായ പരശ്രമത്തിന്റെ ഫലമായി ഒരു ഏക്കർ 79 സെന്റ് വിസ്തീർണ്ണമുള്ള സ്ഥലം തീറുവാങ്ങി.

പുതിയപള്ളി പണിയുന്നതിനുള്ള അനുവാദത്തിനായി ഇരിങ്ങാലക്കുട രൂപതയിൽ സമർപ്പിച്ച അപേക്ഷയ്ക്ക് 12.2.1983-ലെ 218/83-ാം നമ്പർ കല്പനപ്രകാരം ഔദ്യോഗിക അംഗീകാരം ലഭിക്കുകയും, 1983 മാർച്ച് മാസം 20-ാം തിയ്യതി പള്ളിയുടെ കല്ലിടൽ കർമ്മം അഭിവന്ദ്യ മാർ ജെയിംസ് പഴയാറ്റിൽ പിതാവ് നിർവ്വഹിക്കുകയും ചെയ്തു.

പള്ളിപ്പണിയോടൊപ്പംതന്നെ സിമിത്തേരിയുടെയും വേദപാഠ ക്ലാസ്സുകൾക്കായി ഒരു ചെറിയ കെട്ടിടത്തിന്റെയും കല്ലിടൽ കർമ്മം 1984 ജനുവരി 29-ാം തിയ്യതി വികാരി ജനറൽ ബഹു. മോൺ. സഖറിയാസ് പുതുശ്ശേരി അച്ചൻ നിർവ്വഹിച്ചു. തുടർന്നുള്ള പരിശ്രമത്തിന്റെ ഫലമായി 1984 മാർച്ച് 19-ാം തിയ്യതി സിമിത്തേരിയുടെയും, വേദപാഠ ഹാളിന്റെയും, പള്ളി കവാടത്തിൽ നിർമ്മിച്ച സ്തംഭത്തിന്റെയും വെഞ്ചരിപ്പ് കർമ്മം നിർവ്വഹിച്ചു.

## ഇടവക

തുടർന്ന് 2 വർഷത്തെ അശ്രാന്ത പ്രവർത്തനങ്ങളുടെ ഫലമായി 1986 മാർച്ച് മാസം 30-ാം തിയ്യതി ഇരിങ്ങാലക്കുട രൂപതയിലെ 100-ാമത് ഇടവകയായി കല്ലംകുന്ന് സെന്റ് സെബാസ്റ്റ്യൻ പള്ളി നിലവിൽ വന്നു. അവിട്ടത്തൂർ പള്ളിയിലെ ബഹു. വികാരിയച്ചന്മാരായിരുന്നു ഇവിടത്തേയും ബഹു. വികാരിമാരായി സേവനം ചെയ്തുവന്നിരുന്നത്.

കല്ലംകുന്ന് പള്ളിയുടെ അടിസ്ഥാനമായി നിലനിന്നിരുന്ന സെന്റ് സെബാസ്റ്റ്യൻ കപ്പേള പ്രകൃതിക്ഷോഭത്തിൽ കേടുവരികയും ആയത് പുതുക്കിപ്പണിയുകയും 7.4.1991-ൽ വെഞ്ചിരിക്കുകയും ചെയ്തു.

## വൈദികമന്ദിരം

ഇടവക നിലവിൽ വന്നെങ്കിലും ഒരു വൈദികമന്ദിരം ഉണ്ടാകണമെന്നുള്ള ആഗ്രഹം ഇടവകജനങ്ങൾക്ക് ഉണ്ടായിരുന്നു. 1995-ൽ ബഹു. ജോസ് മഞ്ഞളിയച്ചന്റെ നേതൃത്വത്തിൽ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചുവെങ്കിലും പള്ളിക്ക് സാമ്പത്തിക ബുദ്ധിമുട്ടുകൾ നേരിട്ടതുകൊണ്ട് പണികൾ വേണ്ടവിധം തുടരാൻ സാധിച്ചില്ല. പിന്നീട് വികാരിയായിവന്ന ബഹു. ആന്റോ പാറാശ്ശേരി അച്ചന്റെ പ്രത്യേക താത്പര്യപ്രകാരം മന്ദിര നിർമ്മാണജോലികൾ പുനരാരംഭിച്ചു. പണി പൂർത്തീകരിച്ച വൈദികമന്ദിരത്തിന്റെ ആശീർവാദകർമ്മം 25.11.2000-ൽ നടത്തപ്പെട്ടു. ബഹു. റോബി വളപ്പിലയച്ചനാണ് ഇവിടെ താമസമാക്കിയ പ്രഥമ വികാരി.



വൈദിക മന്ദിരം

## മതബോധനഹാൾ

1986 മുതൽതന്നെ മതബോധന ക്ലാസ്സുകൾ നടത്തിവരുന്നു. പഴയ ചെറിയ ഹാളിന്റെ ബലക്ഷയവും, സ്ഥലക്കുറവും പരിഗണിച്ച് പുതിയ മതബോധനഹാൾ പണിയുന്നതിന് തീരുമാനിച്ചു. ആയതിന്റെ ശിലാസ്ഥാപനം 2005 ഫെബ്രുവരി 20-ന് നടത്തി, പണികൾ ആരംഭിച്ചു. 2005 ഡിസംബർ മാസത്തോടുകൂടി ബഹു. ജോസ് മാള്യേക്കലച്ചന്റെ നേതൃത്വത്തിൽ പണിതീർത്തു ഹാൾ വെഞ്ചിരിച്ചു. ഇപ്പോഴത്തെ വികാരി ബഹു. റാഫേൽ പഞ്ഞിക്കാരനച്ചന്റെ നേതൃത്വത്തിൽ മതബോധനം, കുടുംബസമ്മേളന



പുതിയ മതബോധനഹാൾ



മതബോധനഹാൾ (പഴയത്)

ങ്ങൾ സംഘടനകൾ തുടങ്ങിയ വളരെ കാര്യക്ഷമ മായും സജീവമായും മുന്നേറുന്നു.



സെന്റ് സെബാസ്റ്റ്യൻ കപ്പേള



സെന്റ് സെബാസ്റ്റ്യൻ സ്തംഭം